# KERALA STATE ELECTRICITY REGULATORY COMMISSION

KPFC BHAVANAM, C.V. RAMAN PILLAI ROAD, VELLAYAMBALAM,
THIRUVANANTHAPURAM, KERALA, PIN 695 010

Phone: 0471 273 5544, FAX 0471 273 5599, Website: www.erckerala.org
E-mail: kserc@erckerala.org


## പത്രക്കുറിപ്പ്

ഇലക്ട്രിസിറ്റി ആക്ടിലെ സെക്ഷൻ 61 പ്രകാരം സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനത്തിനും പ്രസരണത്തിനും വിതരണത്തിനും താരിഫ് നിർണ്ണയിക്കുന്നതിനുള്ള താരിഫ് റെഗുലേഷൻ 2014, 14.11.2014-ൽ കേരള ഗസറ്റ് എക്സ്ട്രാ ഓർഡിനറി നം. 2733 പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ചിരുന്നു. ടി റെഗുലേഷൻ പ്രകാരം എപ്രിൽ 1 2015 മുതൽ 31 മാർച്ച് 2018 വരെയുള്ള കാലയളവി ലേയ്ക്ക് സംസ്ഥാനത്തെ ലൈസൻസികൾ എ.ആർ.ആർ & ഇ.ആർ.സി പെറ്റിഷൻ സമർപ്പിക്കേണ്ടതാണ്. എന്നാൽ കെ.എസ്.ഇ.ബി ലിമിറ്റഡ് പ്രസ്തുത റെഗുലേഷൻ സംബന്ധിച്ച് തർക്കമുന്നയിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ 465/2015 (ജി) പ്രകാരം റിട്ട് പെറ്റിഷൻ സമർപ്പിച്ചതിൻെറ അടിസ്ഥാനത്തിൽ ഹൈക്കോടതി കെ.എസ്.ഇ.ബി ലിമിറ്റഡിൻെറ 2015-16 ലെ എ.ആർ.ആർ & ഇ.ആർ.സി പെറ്റിഷൻ നിരാകരിക്കരുതെന്ന് താൽകാലിക ഉത്തരവ് നൽകി. ടി പെറ്റിഷൻ, താരിഫ് റെഗുലേഷൻ 2014 പ്രകാരമല്ലാത്തതിനാൽ, കമ്മീഷൻെറ 01.03.2017-ലെ ഉത്തരവ് പ്രകാരം 2015-16 ൻെറ ട്രൂയിംഗ് അപ്പ് പെറ്റിഷൻ സമർപ്പിക്കുവാൻ കെ.എസ്.ഇ.ബി ലിമിറ്റഡിന് നിർദ്ദേശം നൽകി.

ടി ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡ് 2015-16 ലെ ട്രൂയിംഗ് അപ്പ് പെറ്റിഷൻ മൂന്ന് സ്ട്രാറ്റജിക്ക് ബിസിനസ് യൂണിറ്റുകളായി തരംതിരിച്ച് (എസ്.ബി.യൂ ഉൽപ്പാദനം, എസ്.ബി.യൂ പ്രസരണം, എസ്.ബി.യൂ വിതരണം) 16.04.2018 ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചു. ടി പെറ്റിഷൻ ഒ.എ.നം.06/18 ആയി കമ്മീഷൻ പരിഗണിക്കുകയും, പെറ്റിഷന്മേലുള്ള ഹിയറിങ്ങ് 30.05.2018-ന് 11 മണിക്ക് കമ്മീഷൻ ഓഫീസിൽ വച്ച് നടത്തുവാനും നിശ്ചയിച്ചു.

പ്രസ്തുത പെറ്റിഷൻ പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡിൻെറ 2015-16 കാലയളവിലെ ഉൽപ്പാദന, പ്രസരണ, വിതരണ വിഭാഗങ്ങളുടെ വരവ് ചിലവ് കണക്കിൻെറ സംഗ്രഹം ചുവടെ ചേർക്കുന്നു. 2015-16-ൽ ഊർജ്ജ വിൽപ്പന 19552.43 ദശലക്ഷം യൂണിറ്റും ഉൽപ്പാദനവും വാങ്ങിയതും ചേർത്ത് 22819.44 ദശലക്ഷം യൂണിറ്റും ആണ്. 2015-16 കാലയളവിൽ പ്രസരണ വിതരണ നഷ്ടം 3267.01 ദശലക്ഷം യൂണിറ്റുമാണ്(14.37%).

പെറ്റിഷൻ പ്രകാരം 2015-16 വർഷത്തേയ്ക്ക് ഇന്ധന ചിലവായി സമർപ്പിച്ചിട്ടുള്ളത് 104.26 കോടി രൂപയാണ്. വൈദ്യുതി വാങ്ങൽ ചിലവായി കെ.എസ്.ഇ.ബി ലിമിറ്റഡ് കാണിച്ചിട്ടുള്ളത് 6336.82 കോടി രൂപയാണ്. ജീവനക്കാരുടെ ശമ്പളം, ഭരണ ചിലവ്, അറ്റകുറ്റ പണികൾക്കുള്ള ചിലവ് എന്നിവയ്ക്ക് മൊത്തം 3692.16 കോടി രൂപയാണ് കാണിച്ചിട്ടുള്ളത്. ഇതിൽ 184.50 കോടി രൂപ ഉൽപ്പാദനത്തിനും 390.86 കോടി രൂപ പ്രസര

ണത്തിനും 3116.80 കോടി രൂപ വിതരണത്തിനുമായി വേർതിരിച്ചു നൽകിയിരിക്കുന്നു. തേയ്മാന ചിലവായി കെ.എസ്.ഇ.ബി ലിമിറ്റഡ് 2015-16 കാലയളവിലേയ്ക്ക് മൊത്തം കാണിച്ചരിക്കുന്നത് 491.22 കോടി രൂപയാണ്. ഇതിൽ 122.05 കോടി രൂപ ഉൽപ്പാദന ത്തിനും, 133.04 കോടി രൂപ പ്രസരണത്തിനും, 236.13 കോടി രൂപ വിതരണത്തിനുമാണ്. പലിശ ഇനത്തിൽ ചിലവായി കെ.എസ്.ഇ.ബി ലിമിറ്റഡ് സമർപ്പിച്ചിട്ടുള്ളത് 837.14 കോടി രൂപയാണ്. ഇതിൽ 46.32 കോടി രൂപ ഉൽപ്പാദനത്തിനും, 49.63 കോടി രൂപ പ്രസരണത്തി നും, 741.19 കോടി രൂപ വിതരണത്തിനുമാണ്. ROE ഇനത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് ഉൽപ്പാദന, പ്രസരണ, വിതരണത്തിനായി മൊത്തം, കണക്കിൽ കാണിച്ചിരിക്കുന്നത് 489.86 കോടി രൂപയാണ്. കെ.എസ്.ഇ.ബി ലിമിറ്റഡ് 84.58 കോടി രൂപ മറ്റ് ചിലവു കൾക്കും മുൻ കാല ചിലവുമായി കാണിച്ചിട്ടുണ്ട്.

മേൽ വിവരിച്ച കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡ് 2015-16 വർഷ ത്തിൽ, എസ്.ബി.യൂ ഉൽപ്പാദനത്തിന് 633.37 കോടി രൂപയും, എസ്.ബി.യൂ പ്രസരണത്തിന് 751.62 കോടി രൂപയും, എസ്.ബി.യൂ വിതരണത്തിന് 11296.60 കോടി രൂപയുമാണ് ചെലവ് കാണിച്ചിട്ടുള്ളത്. താരിഫിൽ നിന്നുള്ള വരുമാനം 10487.71 കോടി രൂപയാണ്. ഇത് അനുസരിച്ച് 2015-16 വർഷത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡിൻെറ റവന്യു കമ്മി 808.89 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു.

പ്രസ്തുത പെറ്റിഷൻെറ പൂർണ്ണ രൂപം കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. ടി പെറ്റിഷന്മേലുള്ള പബ്ളിക്ക് ഹിയറിങ്ങ് കമ്മീഷൻ ഓഫീസിൽ വച്ച് 30.05.2018 ന് രാവിലെ 11 മണിക്ക് നടത്തുന്നതാണ്. പ്രസ്തുത പൊതു തെളിവെടുപ്പിൽ പൊതുജനങ്ങൾക്കും, മറ്റ് താൽപര്യമുള്ള കക്ഷികൾക്കും പങ്കെടുക്കാവുന്നതാണ്.

സെക്രട്ടറി